9038
21/5/18

# കേരള സർക്കാർ

## സംഗ്രഹം

വനം വന്യജീവി വകുപ്പ്- കോളയാട് തടി ഡിപ്പോയിലെ തടിലേലത്തിലുണ്ടായ ക്രമക്കേടുമായി ബന്ധപ്പെട്ട് ശ്രീ.കെ.വിശ്വനാഥൻ, റിട്ടയേർഡ് ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റി (റിട്ട) നെതിരായ അച്ചടക്ക നടപടി - സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം. 130/2018/വനം തീയതി, തിരുവനന്തപുരം, 15.03.2018

---

പരാമർശം :-

(1) 17.12.2005 ലെ സ.ഉ.(സാധാ) നം. 681/05/വനം ഉത്തരവ്

(2) 24.07.2008 ലെ സ.ഉ.(സാധാ)നം. 387/2008/വനം ഉത്തരവ്

(3) 23.03.2015 ലെ സ.ഉ.(സാധാ) നം. 117/2015/വനം ഉത്തരവ്

(4) 5.10.2017 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി1-14712/05 നമ്പർ കത്ത്

## ഉത്തരവ്

കോളയാട് തടി ഡിപ്പോയിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് ശ്രീ.കെ.വിശ്വനാഥൻ, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെ പരാമർശം (1) പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും പരാമർശം (2) പ്രകാരം തിരിച്ചെടുക്കുകയും ചെയ്തു.

2) പ്രസ്തുത വിഷയത്തിൽ ടിയാന് 15.09.2006 തീയതിയായി കുറ്റപത്രം നൽകി നടപടി ആരംഭിക്കുകയും, ടിയാനിൽ നിന്നും കേരള സർവ്വീസ് റൂൾസ് ഭാഗം 3 ചട്ടം 3 പ്രകാരം 49,838/- രൂപ ഈടാക്കുന്നതിനും പ്രതിമാസ പെൻഷനിൽ നിന്നും സ്ഥിരമായി 500/- രൂപ കുറയ്ക്കുന്നതിനും തീരുമാനിച്ച് പരാമർശം (3) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുകയും ചെയ്തു.

3) ശ്രീ.കെ.വിശ്വനാഥന്റെ സസ്പെൻഷൻ കാലയളവ് പെൻഷൻ ആവശ്യങ്ങൾക്ക് മാത്രം ഡ്യൂട്ടിയായി പരിഗണിക്കുന്നതിനും, ടിയാന്റെ ശമ്പളവും മറ്റ് അലവൻസും ഉപജീവന ബത്തയിൽ നിജപ്പെടുത്തുന്നതിനും വേണ്ടി ക്രമീകരിച്ച് ഉത്തരവാകുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർശം (4) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

4) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ.കെ.വിശ്വനാഥൻ, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റി(റിട്ട.)നെതിരായ അച്ചടക്ക നടപടി തീർപ്പാക്കിയത് പെൻഷനിൽ നിന്നും സ്ഥിരമായി 500/- രൂപ തടയുക എന്ന കഠിനശിക്ഷ നൽകി ആയതിനാൽ, ടിയാന്റെ 17.12.2005 മുതൽ 23.07.2008

വരെയുള്ള സസ്പെൻഷൻ കാലയളവ്, ശമ്പളവും അലവൻസും ഉപജീവനബത്തയിൽ പരിമിതപ്പെടുത്തി പെൻഷന് മാത്രം ഡ്യൂട്ടിയായും 24.07.2008 മുതൽ ജോലിയിൽ പ്രവേശിച്ചതു വരെയുള്ള ഇടവേള കെ.എസ്.ആർ.ഭാഗം I ചട്ടം 56 ബി (9) ന് താഴെയുള്ള കുറിപ്പ് 2 പ്രകാരം പ്രവേശനകാലമായോ അർഹമായ അവധിയായോ ഇവ രണ്ടുമായോ കണക്കാക്കിയും ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കെ. ജോസഫ്
ജോയിന്റ് സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ.കെ.വിശ്വനാഥൻ, ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റിട്ട.)
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം
ധനകാര്യ വകുപ്പ്(അഗ്രി - ബി2/276/2017-ധന പ്രകാരം)
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ